ധനകാര്യ വകുപ്പ് മന്ത്രി (ശ്രീ. തച്ചടി പ്രഭാകരൻ):

(എ) ചിട്ടി നിയമത്തിന്റെ പരിധിയിൽ നിന്നും സഹകരണ സംഘങ്ങളെ ഒഴിവാക്കാൻ ഉദ്ദേശിക്കുന്നില്ല.

(ബി) സഹകരണ സംഘങ്ങൾക്ക് നിലവിലുള്ള നിയമമനുസരിച്ച് പ്രവർത്തിക്കുന്നതിൽ പ്രയാസങ്ങൾ ഉള്ളതായി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(iii) നക്ഷത്രചിഹ്നമിടാത്ത ചോദ്യോത്തരങ്ങൾ

സിവിൽ സപ്ലൈസ് ഡിപ്പോകൾവഴി വെളിച്ചെണ്ണ വിതരണം ചെയ്ത വകയിൽ ഉണ്ടായ നഷ്ടം

177 [193] ശ്രീ. വി. ജെ. തങ്കപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സിവിൽസപ്ലൈസ് ഡിപ്പോകൾ വഴി വെളിച്ചെണ്ണ വിതരണം ചെയ്ത വകയിൽ എന്തെങ്കിലും നഷ്ടം സംഭവിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എത്ര?

ഉത്തരം

(എ) ഉണ്ട്.

(ബി) കിലോഗ്രാമിന് 1രൂ. 16 പൈസ നിരക്കിൽ നഷ്ടം സംഭവിച്ചിട്ടുണ്ട്.

തീ മണ്ണെണ്ണ ദുരന്തം

178 [194] ശ്രീ. വി. ജെ. തങ്കപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തീ മണ്ണെണ്ണ അപകടംമൂലം നമ്മുടെ സംസ്ഥാനത്ത് പരിക്കു പറ്റിയവർ എത്ര;

(ബി) അങ്ങനെ പരിക്ക് പറ്റിയവരിൽ മരിച്ചവർ എത്ര;

(സി) മരിച്ചവർക്ക് നൽകിയ നഷ്ടപരിഹാര തുക എത്ര;

(ഡി) പരിക്ക് പറ്റിയവർക്ക് നൽകിയ നഷ്ടപരിഹാര തുക എത്ര;

(ഇ) തീ മണ്ണെണ്ണ ദുരന്തത്തിൽപ്പെട്ടവർക്ക് നഷ്ടപരിഹാരം നൽകുന്നതിന് എച്ച്. പി. സി. എന്തെങ്കിലും തുക തന്നിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര;

(എഫ്) തീ മണ്ണെണ്ണ ദുരന്തത്തിൽപ്പെട്ട ആരെങ്കിലും നഷ്ടപരിഹാരത്തിന് വേണ്ടി സർക്കാരിനെ പ്രതിയാക്കി കേസ് ഫയൽ ചെയ്തിട്ടുണ്ടോ;

(ജി) ഉണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ?

LIBRARY ARCHIVES Kerala Legislative Assembly